# പെരുമ്പാവൂരിൽ വൻ ഗഞ്ചാവ് വേട്ട

പെരുമ്പാവൂർ അല്ലപ്ര മനക്കപ്പടി ഭാഗത്ത് ഐഡിയൽ പ്ലേവുഡിനു സമീപം വച്ച് സാംസുൽ ഹക്കീസ് (34) S/o കിറ്റാബ് അലി ജാമൂർമുർ വില്ലേജ് നൗഗോൺ , ആസ്സാം എന്നയാളെ ആസ്സാം സംസ്ഥാനത്തു നിന്നും കൊണ്ടു വന്ന 3.430 കിലോഗ്രാം ഗഞ്ചാവുമായി പിടികൂടി.

ബഹു.എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിൻെറ അടിസ്ഥാനത്തിൽ പെരുമ്പാവൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ജി.വേണുവിൻെറ നിർദ്ദേശപ്രകാരം, പെരുമ്പാവൂർ പോലീസ് ഇൻസ്പെക്ടർ ജെ.കുര്യാക്കോസ്, പോലീസ് സബ്ബ് ഇൻസ്പെക്ടർ പി.എ.ഫൈസൽ , എ.എസ്.ഐ പോൾ, എൽദോസ്, കുര്യാക്കോസ്, സി.പി.ഒ രാജേന്ദ്രൻ, റൂറൽ ടൈഗർ ഫോഴ്സ് അംഗങ്ങളും അടങ്ങുന്ന പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പ്രതിയെ പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി 14 ദിവസത്തേക്ക് റിമാൻറ് ചെയ്തു. ഓണത്തോടനുബന്ധിച്ച് ശക്തമായ മദ്യ മയക്കുമരുന്ന് റെയ്ഡുകൾ നടത്തുന്നതാണെന്ന് പെരുമ്പാവൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അറിയിച്ചു.

